**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **05.06.2018-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ഡോ. എം.കെ. മുനീർ<br>ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കോവളം വിനോദ സഞ്ചാര കേന്ദ്രത്തിൽ വിദേശ വനിത കൊല്ലപ്പെട്ട സംഭവത്തെ തുടർന്ന് വിനോദ സഞ്ചാര മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ഇത്തരമൊരു പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ചൂഷണം അവസാനിപ്പിക്കാനും സുരക്ഷ ഉറപ്പാക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | ബി) ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവത്ക്കരണവും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും 150 സിവിൽ പോലീസ് ഓഫീസർമാരെയുമാണ് കേരളത്തിൽ വിവിധ ജില്ലകളിലായി നിയോഗിച്ചിട്ടുള്ളത്. |

പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പോലീസ് പട്രോളിംഗ് കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാദ്ധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. അപകടസാദ്ധ്യത സൂചിപ്പിച്ചു കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ നിരീക്ഷണ വിധേയമാക്കുന്നതിന്റെ ഭാഗമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകളിലും ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശ

ങ്ങളെയുമാണ് സിസിടിവി ക്യാമറകളുടെ നിരീക്ഷണ ത്തിലാക്കുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതാത് പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/ വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ഹൗസ് ബോട്ടുകളിലെ യാത്ര സുരക്ഷിതത്വം കണക്കിലെടുത്ത് " ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം" എന്ന സംവിധാനം ഇപ്പോൾ കുമരകത്തും, ആലപ്പുഴ കായൽ പ്രദേശങ്ങളിലെ ഹൗസ് ബോട്ടുകളിലും നടപ്പിലാക്കി യിട്ടുണ്ട്. ഇത് മറ്റ് കായൽ പ്രദേശങ്ങളിലെ ഹൗസ് ബോട്ടുകളിൽക്കൂടി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവും, ശുചിത്വവും, സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള നൂതന കർമ്മ പദ്ധതിയായ ഗ്രീൻ കാർപ്പറ്റിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പ് വരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.
2. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.
3. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനവും - തിരിച്ചറിയൽ കാർഡ് നൽകലും.

സുരക്ഷിതത്വം ലക്ഷ്യമാക്കി കണ്ടിജൻസി റെസ്പോൺസ് സിസ്റ്റം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ലൈഫ് ഗാർഡു കളുടെ സേവനം, ടൂറിസം പോലീസ്, പോലീസ് എയ്ഡ് പോസ്റ്റ്, പോലീസ് പട്രോളിംഗ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ

സുരക്ഷിതത്വത്തിനായി പ്രധാനമായും താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കുന്നു.

1. നിയമപാലകരുടെ സേവനം എപ്പോഴും ഉറപ്പാക്കുക

2 നിയമലംഘന പ്രവർത്തനങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക

3. അനാശാസ്യ പ്രവർത്തനങ്ങൾക്കെതിരെ ജാഗരൂകരാകുക.

4. ടൂറിസം ബന്ധിത ഉല്ലാസ പരിപാടികൾ സുരക്ഷിതത്വ നിയമം പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.

5. കായൽ, കടൽ, നദി എന്നിവയുമായി ബന്ധപ്പെട്ട ടൂറിസം പ്രവർത്തകരുടെ സാഹസിക ടൂറിസം പരിപാടികൾ സുരക്ഷിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക.

6. അത്യാഹിതം സംഭവിച്ചാൽ പ്രഥമ ശുശ്രൂഷ നൽകുക, ഇത്തരം ഘട്ടങ്ങളിൽ ക്രൈസിസ് മാനേജ്മെന്റ് സംവിധാനമൊരുക്കുക.

7. കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടി സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ സർക്കാർ മാർഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം റെഗുലേറ്ററി അതോറിറ്റിയ്ക്ക് ഉണ്ടാകും. സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാദ്ധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ